# 100. എസ്. കെ. പൊറേറക്കാട്ട്

നടന്നുകൊണ്ടിരിക്കെ, വഴിയിൽ കണ്ടുമുട്ടിയ ഒരു പരിചയക്കാരന്റെ തോളിലേക്ക് അദ്ദേഹം തളർന്നുവീണു; ആധുനിക വൈദ്യശാസ്ത്രത്തിന് അതിന്റെ കഴിവുകൾ പരീക്ഷിച്ചു നോക്കുവാൻ ഒരൽപ്പ സമയം നൽകിയ ശേഷം, ഐഹികജീവിതത്തിൽനിന്ന് നിശ്ശബ്ദം നിഷ്ക്രമിക്കുകയും ചെയ്തു. അങ്ങനെ എസ്. കെ. പൊറേറക്കാട്ട് എന്ന ഇതിഹാസത്തിൽ 1982 ആഗസ്റ്റ് 6-ാം തീയതി രാത്രി പൂർണവിരാമബിന്ദു വീണു.

മലയാളത്തിലെ കഥാസാഹിത്യത്തിലും സഞ്ചാരസാഹിത്യത്തിലും വർണവിചിത്രവും ഉജ്ജ്വലവും വിസ്തൃതവുമായ ഒരദ്ധ്യായത്തിന്റെ അവസാനംകൂടിയായിരുന്നു അത്.

അദ്ദേഹം മരിക്കുന്നതിന്റെ തലേന്ന്, ആഗസ്റ്റ് 5-ാം തീയതി, ആസ്പത്രിയിൽവെച്ചാണ് ഞാൻ എസ്. കെ. യെ അവസാനമായി കണ്ടത്. ആദ്യമായി കണ്ടത് നാല്പതു നീണ്ട വർഷങ്ങൾക്കു മുമ്പ്. 1942 സെപ്റ്റംബറിലെ ഒരു പ്രഭാതത്തിൽ, കോഴിക്കോട്ട് കല്ലായി റോഡിലുള്ള 'കോമളവിലാസം' എന്ന ചെറിയ ഹോട്ടലിൽ വെച്ചായിരുന്നു. ക്വിററ് ഇന്ത്യാ സമരം അതിന്റെ എല്ലാ വീറോടുംകൂടി നടന്നിരുന്ന കാലം. 'സ്വതന്ത്രഭാരതം' എന്ന സമരവാരിക നടത്തുന്നതിൽ ശ്രീ വി. എ. കേശവൻനായരെ സഹായിക്കുവാൻ ഞാൻ നിയോഗിക്കപ്പെട്ടിരുന്നു. പ്രവർത്തനകേന്ദ്രമായ തലശ്ശേരിയിലേക്കു പോകുംവഴി, തലേന്നു രാത്രി കോഴിക്കോട്ട് എത്തിയ ഞങ്ങൾ താമസിച്ചത് വളരെ കുറച്ചു മാത്രം വാടകയുള്ള കോമളവിലാസത്തിലെ ഒരു മുറിയിലായിരുന്നു. പിറേറന്നു രാവിലെ കുളിച്ചു മുറി പൂട്ടി ഞങ്ങൾ പ്രാതലിനു താഴെ വന്നു. അവിടെ ആൾത്തിരക്കു തുടങ്ങിയിട്ടില്ല. ഒരു മേശയ്ക്ക് എതിരെ ഒരാൾ ഇരുന്ന് മുമ്പിൽ വിളമ്പിയ വെള്ളയപ്പത്തിലും ഇറച്ചിക്കറിയിലും ശ്രദ്ധിക്കുന്നു. കേശവൻനായർ അയാളെ ഇങ്ങനെ എനിക്കു പരിചയപ്പെടുത്തി: 'മലയാളത്തിലെ ഏററവും വലിയ കഥയെഴുത്തുകാരനും, ഏററവും വലിയ....നും ആയ എസ്. കെ. പൊറെറക്കാട്ട്.' രണ്ടാമതു പറഞ്ഞ വിശേഷണം അത്ര സഭ്യമായിരുന്നില്ല. അതിനാൽ ഇവിടെ എഴുതുന്നില്ല. കേശവൻനായർക്ക്, പക്ഷേ, അതിലപ്പുറവും പറയാം. ബോംബെയിൽ ഒരേ ലോഡ്ജിൽ ഒരുമിച്ചു നീണ്ടനാൾ പാർത്ത സുഹൃത്തുക്കളായിരുന്നു അവർ. 'അവിവാഹിതരുടെ മട' എന്ന ചെറുകഥയിൽ ഈ ലോഡ്ജിലെ ജീവിതം എസ്. കെ. ശാശ്വതീകരിച്ചിട്ടുണ്ട്. എസ്. കെ. തലയുയർത്തി, തന്റെ നിറുകയിലെ ഏതാനും മുടിയിഴകൾ കൈവിരലിലെടുത്തു ചുരുട്ടിക്കൊണ്ട് മലർക്കെ ചിരിച്ചു.

മുടിയിഴ ഉയർത്തി ചുരുട്ടുന്ന ആ 'മാനറിസ'വും ആ ചിരിയും അതിനുശേഷം എത്രതവണ എന്റെ ഹൃദയത്തിൽ ചിരിയും കുളിർമയും നിറച്ചിരിക്കുന്നു! ദീർഘവും ഫലഭൂയിഷ്ഠവുമായ ഒരു സൗഹാർദ്ദത്തിന്റെ ആരംഭമായിരുന്നു അത്. അതിന്റെ മാധുര്യത്തിൽ ഒരു അമ്ലബിന്ദുവും രസഭേദം ഉളവാക്കിയിട്ടില്ല. ആ തെളിഞ്ഞ ആകാശത്തിലൂടെ ഒരൊററ കാർമേഘവും കടന്നുപോയിട്ടില്ല.

ആ കാലത്തു കൂടെക്കൂടെ ഞാൻ എസ്. കെ—യെ കാണാറുണ്ടായിരുന്നു. അങ്ങനെ എസ്. കെ. യുടെ സുഹൃത്തുക്കൾ എന്റെയും സുഹൃത്തുക്കളായി. 'മാപ്പിള റെവ്യു' എന്ന മാസികയുടെ പ്രവർത്തനത്തിൽ സഹായിച്ചുകൊണ്ട് കോഴിക്കോട്ടു താമസിച്ച്, അന്നു നല്ല നിലയിൽ നടന്നി

രുന്ന മുനിസിപ്പൽ ലൈബ്രറിയിലെ പുസ്തകങ്ങൾ മുഴുവൻ വാരി വിഴുങ്ങി ക്കൊണ്ടിരുന്ന വക്കം അബ്ദുൾഖാദറായിരുന്നു ഈ സുഹൃത്തുക്കളിൽ പ്രമുഖൻ. റസ്സലിന്റെ ദർശനത്തെപ്പററിയും ഇഖ്ബാലിന്റെ കവിതയെപ്പററിയും ആയിരുന്നു അന്ന് അബ്ദുൽഖാദറിന്റെ സംഭാഷണം അത്രയും. ഇഖ്ബാലിന്റെ മുഖ്യ കൃതിയായ 'അസ്റാറേ ഖുദി' 'ആത്മരഹസ്യം' എന്ന പേരിൽ അബ്ദുൽഖാദർ മലയാളത്തിലേക്കു വിവർത്തനം ചെയ്തു വരുകയായിരുന്നു. മിഠായിത്തെരുവിൽ 'മോഡേൺ ബേക്കറി' എന്ന വ്യവസായ സ്ഥാപനം നടത്തിക്കൊണ്ടിരുന്ന മാധവേട്ടൻ, റെയിൽവേ സ്റ്റേഷനിൽ പാഴ്സൽ ക്ലാർക്ക് ആയിരുന്ന ഇടപ്പിള്ളിക്കാരൻ സെയ്താലി എന്നിവരാണ് എസ്. കെ. എനിക്കു് അന്നു സമ്മാനിച്ച മററു രണ്ടു് സുഹൃത്തുക്കൾ. അക്കാലത്തെ ആപന്നിബിഡമായ രാഷ്ട്രീയ പ്രവർത്തനത്തിൽ സെയ്താലിയുടെ സൗഹാർദം എനിക്കു പ്രായോഗികമായി വളരെയധികം ഉപകരിക്കുകയുണ്ടായി. ഈ സുഹൃത്തുക്കളാരും ഇന്നില്ല; അവരുടെ സ്മൃതികൾ, പക്ഷേ, ഹൃദയത്തിൽ ഇന്നും പ്രകാശം പരത്തുന്നു.

ഇപ്പോഴത്തെ മാവൂർ റോഡിലെ പാലത്തിന്റെ സ്ഥാനത്തു് അന്നുണ്ടായിരുന്ന 'അരയൻതിപ്പാല'ത്തിന്നടുത്തു് ഒരു കെട്ടിടത്തിലെ രണ്ടാം നിലയിൽ ഒരു മുറി അന്നു് എസ്. കെ. വാടകയ്ക്കു് എടുത്തിരുന്നു. ഈ മുറിയായിരുന്നു അദ്ദേഹത്തിന്റെ പണിയാല. ചുററും ചതുപ്പുനിലവും, പാടവും വെള്ളവും, തെങ്ങിൻതലപ്പുകളും കാണാവുന്ന ഈ മുറിയിലിരുന്നാണു് 'വിഷകന്യക'യിലെ പല ഭാഗങ്ങളും എസ്. കെ. എഴുതിയതു്. പേൾബക്ക്, സ്റ്റൈൻബെക്ക് എന്നീ അമേരിക്കൻ എഴുത്തുകാരെപ്പററി അന്നു് എസ്. കെ. കൂടെക്കൂടെ സംസാരിക്കുമായിരുന്നു. പേൾബക്കിന്റെ 'നല്ല ഭൂമി' എന്ന നോവലിനെപ്പററി സാമാന്യം ദീർഘമായ ഒരു ലേഖനം എസ്. കെ. പിന്നീടു് എഴുതി പ്രസിദ്ധീകരിച്ചു. സ്റ്റൈൻബെക്കിന്റെ 'കോപത്തിന്റെ മുന്തിരിക്കനികൾ' എന്ന നോവലിന്റെ അനുരണനങ്ങൾ 'വിഷകന്യക'യുടെ ആദ്യഭാഗങ്ങളിൽ സൂക്ഷ്മ ശ്രവണശക്തിയുള്ളവർക്കു കേൾക്കാം. 'സ്വതന്ത്രഭാരത'ത്തിന്റെ ഒരു ലക്കത്തിൽ എസ്. കെ. യുടെ ഒരു കവിത ഞങ്ങൾ ചേർത്തിരുന്നു.

'നൂററമ്പതാണ്ടായി നമ്മളടിമത്ത-
ച്ചേററിൽക്കിടന്നു നശിച്ചുപോയി'

എന്നായിരുന്നു ആ കവിതയുടെ ആരംഭം.

ക്വിററിന്ത്യാസമരം പതുക്കെപ്പതുക്കെ കെട്ടടങ്ങി. അതിനു മലബാറിൽ നേതൃത്വം നൽകിയവരിൽ ഏറെക്കുറെ എല്ലാവരും കീഴരിയൂർ ബോംബു കേസ്സിൽ അറസ്റ്റു ചെയ്തു ശിക്ഷിക്കപ്പെട്ടു. ഈ കേസ്സു നടത്താനും മററുമായി കുറേക്കാലം എനിക്കു കോഴിക്കോട്ടു് താമസിക്കേണ്ടിവന്നു. അറസ്റ്റിൽനിന്നു രക്ഷപ്പെട്ട മത്തായി മാഞ്ഞൂരാൻ വടക്കെ ഇന്ത്യയിലേക്കു പോയപ്പോൾ പൊറേറക്കാട്ടും കോഴിക്കോട്ടു വിട്ടു. എങ്കിലും, അദ്ദേഹവുമായി എന്റെ സൗഹാർദബന്ധം തുടർന്നുവന്നു. താമസിയാതെ എസ്. കെ. ജോലി വിട്ടു്, സാഹിത്യത്തിൽ മുഴുവൻ സമയവും ചെലവഴിക്കുന്നതിനുവേണ്ടി കേരളത്തിൽ തിരിച്ചുവന്നു. 1949–ലാണെന്നു തോന്നുന്നു, ഞാൻ തൃശ്ശൂരിൽ താമസിച്ചിരുന്ന കാലത്തു്, ഒരു പെണ്ണുകാണലിനു് എസ്. കെ. യോടൊപ്പം ഞാൻ പോയിരുന്നു. പക്ഷേ, ആ വിവാഹാലോചന മുന്നോട്ടു പോയില്ല. രണ്ടു കൊല്ലംകൂടി കഴിഞ്ഞാണു്, മയ്യഴി ക്ഷേത്രത്തിലെ ഉത്സവത്തിൽവെച്ച് തന്റെ പത്നിയെ എസ്. കെ. 'കണ്ട'തു്.

1950-ൽ മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ ചുമതലയേററു് ഞാൻ കോഴി

ക്കോട്ട് താമസമാക്കി. ഏറെക്കുറെ ദിവസേന എസ്. കെ. യെ കാണുന്നതിനും, പല രംഗങ്ങളിലും അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കുന്നതിനും, ഇതുമൂലം എനിക്ക് അവസരം കിട്ടി. മലബാർ കേന്ദ്രകലാസമിതിയുടെ അധ്യക്ഷൻ എസ്. കെ. യും ജനറൽ സെക്രട്ടറി ഞാനുമായിരുന്നു. കലാസമിതികളുടേയും മലയാള നാടകവേദിയുടെയും വളർച്ചയിൽ കേന്ദ്രകലാസമിതി, അതിന്റെ ഹ്രസ്വമായ പ്രവർത്തനകാലത്തിൽ, ഐതിഹാസികമായ സേവനം നിർവഹിച്ചിട്ടുണ്ട്. കോർട്ട് റോഡിൽ, ശ്രീ അബ്ദുർ റഹ്മാൻ വാടകയ്ക്കെടുത്തിരുന്ന ഒരു പീടികമുറിയുടെ മുകൾത്തട്ടിന്റെ ഒരു മൂലയായിരുന്നു കേന്ദ്രകലാസമിതിയുടെ ആസ്ഥാനം. വീട്ടിനു പുറത്തുള്ള എസ്. കെ. യുടെ കിടപ്പുമുറികൂടി ആയിരുന്നു ഇത്. അബ്ദുർ റഹ്മാന്റെ ഒരു വാനിലാണ് കലാസമിതിയുടെ സംഘടനാപ്രവർത്തനങ്ങൾക്കായി മലബാറിലെല്ലായിടത്തും പലതവണ ഞങ്ങൾ ചുററിക്കറങ്ങിയത്. ഉദാരനും ധീരനും രസികനും സാഹസികനുമായ അബ്ദുർ റഹ്മാൻ തികച്ചും നിരർത്ഥകമായ വിധത്തിൽ അപമൃത്യുവിനു വിധേയനാവുകയാണുണ്ടായത്.

പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ തകർച്ചയെ തുടർന്ന്, കേരള സാഹിത്യസമിതി രൂപവത്ക്കരിക്കപ്പെട്ടതു്, എസ്. കെ. യുടെ നിർബന്ധപൂർവമായ പ്രേരണകൊണ്ടായിരുന്നു. സമിതിയുടെ കാര്യദർശി ആയി ഏറെക്കാലം ഞാൻ പ്രവർത്തിക്കുകയുണ്ടായി. അപ്പോഴേക്ക് പാർലമെൻറംഗമായിക്കഴിഞ്ഞിരുന്ന എസ്. കെ. ക്കു്, പക്ഷേ, സാഹിത്യസമിതിയുടെ കാര്യങ്ങളിൽ അധികം ശ്രദ്ധിക്കാൻ കഴിഞ്ഞില്ല.

ഈ സംഘടനകൾക്കു പുറമേ, ലക്ഷദ്വീപുകാരുടെ ക്ഷേമത്തിനുവേണ്ടി ശ്രീ വി. എസ്. കേരളീയനും ശ്രീ വി. അബ്ദുള്ളയും മററും ചേർന്നു സ്ഥാപിച്ച വെൽഫെയർ സൊസൈററിയിലും ഞങ്ങൾ ഒരുമിച്ചു പ്രവർത്തിച്ചിട്ടുണ്ട്. എഴുത്തുകാർക്ക് ഒരു ഭവനനിർമാണപരിപാടി എന്ന നിലയിൽ ഞങ്ങൾ എളിയതോതിൽ ആരംഭിച്ചതാണ് ഇന്നു വളരെ വിപുലമായിത്തീർന്നിട്ടുള്ള കോഴിക്കോട്ട് ഭവനനിർമാണ സഹകരണസംഘം. ശ്രീ തെരുവത്തു രാമൻ അധ്യക്ഷനായി ആരംഭിച്ച ഈ സംഘത്തിന്റെ സ്ഥാപകാംഗങ്ങളിലൊരാൾ എസ്. കെ. ആണ്.

1950-നു ശേഷം എസ്. കെ. യുടെ മിക്ക ചെറുകഥകളും യാത്രാവിവരണങ്ങളും പ്രസിദ്ധീകരിക്കുവാനുള്ള സൗഭാഗ്യം കൈവന്നതു് എനിക്കായിരുന്നു. വടിവൊത്ത വലിയ കൈയക്ഷരത്തിൽ, പല നിറങ്ങളിലുള്ള മഷികൾ ഉപയോഗിച്ച് എഴുതുന്ന എസ്. കെ. യുടെ രചനകൾ കൈയെഴുത്തുപ്രതിയുടെ രൂപത്തിൽ വായിക്കുകയെന്നതു് തികച്ചും ആഹ്ലാദകരമായ ഒരനുഭവമാണ്. കടലാസ്സിൽ എഴുതുംമുമ്പ്, തന്റെ പല കഥകളും എസ്. കെ. എനിക്കു വിവരിച്ചുതന്നിട്ടുണ്ട്. പക്ഷേ, ഉറൂബിന്റെ സംഭാഷണചതുരത എസ്. കെ. ക്കു് ഉണ്ടായിരുന്നില്ല. ഉറൂബിന്റെ കഥകൾ വായിക്കുന്നതു രസമാണ്; വായിക്കുന്നതിനെക്കാൾ ഏറെ രസമാണ് അദ്ദേഹത്തിന്റെ മുഖത്തുനിന്ന് അവ കേൾക്കുക. എസ്. കെ. ഒരിക്കലും ഉറൂബിനെപ്പോലെ വാഗ്മി ആയിരുന്നില്ല. എങ്കിലും കുറിക്കുകൊള്ളുന്ന ഫലിതങ്ങൾ ഇടയ്ക്കിടെ അദ്ദേഹത്തിൽനിന്ന് ഉതിരും. ഗോൾഡ് സ്മിത്തിനെപ്പററി ജോൺസൺ പറഞ്ഞതു് എസ്. കെ. യുടെ കാര്യത്തിൽ പാതി സത്യമായിരുന്നു. ദേവദൂതന്മാരെപ്പോലെ ഗോൾഡ്സ്മിത്തും എസ്. കെ. യും എഴുതി: പക്ഷേ, സംഭാഷണത്തിൽ ഗോൾഡ് സ്മിത്ത് പ്രകടമാക്കിയ വിഡ്ഢിത്തം എസ്. കെ. പ്രകടിപ്പിച്ചില്ല. മിണ്ടാതിരുന്നു് ക്ഷമാപൂർവം കേൾക്കുകയും ആവശ്യമെങ്കിൽ മാത്രം സംസാരിക്കുകയുമായിരുന്നു എസ്. കെ. യുടെ പ്രകൃതം.

എസ്. കെ. ഒരുമിച്ച് സാമാന്യം ദീർഘങ്ങളായ പല യാത്രകൾ

ഞാൻ നടത്തിയിട്ടുണ്ടു്. കലാസമിതിപ്രവർത്തനം സംബന്ധിച്ചും മറ്റും മലബാറിൽ ഉടനീളം നടത്തിയ പര്യടനങ്ങളെപ്പറ്റി പറഞ്ഞുവല്ലോ. ഡില്ലിയിൽ നടന്ന ആദ്യത്തെ ഏഷ്യൻ ലേഖകസമ്മേളനത്തിലേക്കു ഞങ്ങൾ ഒരുമിച്ചാണു പോയതു്. കൊടുംതണുപ്പിൽ രോഗബാധിതനായിത്തീർന്ന എനിക്കു് സമ്മേളനത്തിൽ ചെയ്യാൻ കഴിയാതിരുന്ന പ്രസംഗം എനിക്കുവേണ്ടി അവിടെ വായിച്ചതു് എസ്. കെ. ആയിരുന്നു. മൂന്നു വർഷം മുമ്പു് ഞങ്ങൾ ഒരുമിച്ചു് വീണ്ടും ഡല്ലിയിലേക്കു പോയി; ഇന്ത്യൻ കാർഷിക ഗവേഷണസ്ഥാപനത്തിന്റെ ഹോസ്റ്റലിൽ ഏതാനും ദിവസം ഒരുമിച്ചു പാർക്കുകയും ചെയ്തു.

എസ്. കെ. യുടെ ജീവിതത്തിലെ സുപ്രധാനങ്ങളായ ചില നിമിഷങ്ങളിൽ ഞാൻ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. ശ്രീമതി ജയവല്ലി പൊറ്റെക്കാട്ടിന്റെ മരണം അത്തരമൊരവസരമാണു്. ഈ സന്ദർഭത്തിൽ എന്റെ സാന്നിധ്യം തനിക്കു് എത്രമാത്രം ആശ്വാസം നൽകുകയുണ്ടായെന്നു് എസ്.കെ. പിന്നീടൊരിക്കൽ എന്നോടു പറയുകയുണ്ടായി. ജി. ശങ്കരക്കുറുപ്പിനെന്നപോലെ പൊറ്റെക്കാട്ടിനും ജ്ഞാനപീഠസമ്മാനം ലഭിക്കുന്നതിനു് കളമൊരുക്കിയ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയതും, ജ്ഞാനപീഠത്തിന്റെ മലയാളം ഉപദേശകസമിതിയുടെ കൺവീനർ എന്ന നിലയിൽ ഞാനായിരുന്നു എന്നതു് എന്റെ ജീവിത സാഫല്യങ്ങളിലൊന്നാണു്.

'നിത്യയൗവന'നെന്നു് എസ്. കെ. യെ ഞങ്ങൾ കളിയാക്കാറുണ്ടു്. ജയവല്ലിയുടെ മരണംവരെ, തന്റെ 'യൗവനം' അദ്ദേഹം നിലനിറുത്തുകയും ചെയ്തു. അദ്ദേഹത്തിന്റെ സമൃദ്ധമായ തലമുടിയിൽ ഒരിഴയും അന്നോളം വെളുത്തിരുന്നില്ല. വൃത്തിയായി വസ്ത്രം ധരിച്ചു്, തല ചീകി മിനുക്കി മുഖത്തു പൗഡർ പൂശിയേ അദ്ദേഹം പുറത്തിറങ്ങാറുള്ളു. അല്പം കുന്നു് ചൊടിയിൽ ഉള്ള അദ്ദേഹത്തിന്റെ നടത്തം സുഹൃത്തുക്കൾക്കു ഉന്മേഷം പകരുന്ന ഒന്നായിരുന്നു. അപൂർവമായേ അദ്ദേഹം രോഗബാധിതനായിട്ടുള്ളു. എസ്. കെ. യുടെ സമൃദ്ധമായ ആരോഗ്യത്തിന്റെ രഹസ്യം നടത്തമാണു്. താൻ എവിടെ ആയാലും, ദിവസേന ആറോ ഏഴോ മൈൽ നടന്നാലേ അദ്ദേഹത്തിനു തൃപ്തിയാവു. ഈ നടത്തം, മിക്കപ്പോഴും, തനിയേ ആയിരിക്കും. നടക്കാനുള്ള ദൂരമത്രയും നടന്ന ശേഷം ബസ്സിൽ കയറി തിരികെ പോവുകയായിരുന്നു, പിന്നെപ്പിന്നെ, അദ്ദേഹത്തിന്റെ സമ്പ്രദായം. രണ്ടാമത്തും മാതൃഭൂമിയിൽ ജോലി സ്വീകരിച്ചു് ഞാൻ കോഴിക്കോട്ടു താമസമാക്കിയതിനു ശേഷം, പലപ്പോഴും അദ്ദേഹം പുതിയറയിലുള്ള 'ചന്ദ്രകാന്ത'ത്തിൽ നിന്നു രാവിലെ നടന്നു് വരക്കൽ കടൽത്തീരത്തുള്ള എന്റെ വീട്ടിൽ വരുമായിരുന്നു.

തനിക്കു പ്രായമായെന്ന വിചാരം ഈയിടെയായി എസ്. കെ. യെ ബാധിച്ചു തുടങ്ങിയിരുന്നു. അടുത്ത ആണ്ടിൽ തന്റെ സപ്തതിയാണെന്നു് അദ്ദേഹം എന്നോടു പലതവണ പറഞ്ഞിട്ടുണ്ടു്. സപ്തതി അവസരത്തിൽ പ്രസിദ്ധീകരിക്കാൻ കഴിയുമാറു്, 'നോർത്ത് അവെന്യൂ' എന്ന നോവൽ എഴുതി മുഴമിപ്പിക്കാൻ അദ്ദേഹത്തിനു് വലിയ ആകാംക്ഷയുണ്ടായിരുന്നു. ജ്ഞാനപീഠസമ്മാനലബ്ധിയിൽ ആരാധകർ അദ്ദേഹത്തെ അഭിനന്ദനം കൊണ്ടു് പൊറുതിമുട്ടിച്ചു. സഹജമായ വിനയത്തോടെ ഈ അഭിനന്ദനങ്ങൾക്കെല്ലാം നിന്നുകൊടുത്തെങ്കിലും, എസ്. കെ. ക്കു് ഇവയിൽ മടുപ്പു തോന്നിയിരുന്നു. ഒരിക്കൽ ഒരഭിനന്ദനയോഗത്തിലേക്കു് ക്ഷണിച്ച ഒരാളോടു്, 'ഞാൻ അവിടെ വന്നു് ഇരിക്കാം, നിങ്ങൾ ഇവിടെ ഇരുന്നു് എനിക്കു പകരം എഴുതാമോ?' എന്നു അദ്ദേഹം സഹികെട്ടു ചോദിക്കുകയും ചെയ്തു. 'ജ്ഞാനപീഡനം' എന്നാണു് ഈ അഭിനന്ദനയോഗങ്ങളെ അദ്ദേഹം വിളിച്ചിരുന്നതു്. ഈ അഭിനന്ദനയോഗങ്ങളുടെ എണ്ണം കുറെ കുറഞ്ഞി

രുന്നെങ്കിൽ ഒരുപക്ഷേ, 'നോർത്ത് അവെന്യു' പൂർണ രൂപത്തിൽ നമുക്ക് എഴുതിക്കിട്ടുമായിരുന്നു.

'ഒരു തെരുവിന്റെ കഥ'യിലൂടെ പൊറ്റെക്കാട്ട് അനശ്വരത്വം നൽകിയ കോഴിക്കോട്ടെ മിഠായിത്തെരുവിലൂടെ ഏതാനും മാസങ്ങൾ മുമ്പ് ഞങ്ങൾ രണ്ടുപേരും ചേർന്നു നടന്നു ഉറുമ്പുകൾപോലെ അസ്വസ്ഥരായി അങ്ങോട്ടുമിങ്ങോട്ടും പാഞ്ഞുമറയുന്ന ആൾക്കൂട്ടത്തിൽനിന്ന് പരിചയത്തിന്റെ ചില തകർന്ന കഷണങ്ങളെങ്കിലും പെറുക്കിയെടുക്കാൻ ഞങ്ങൾ രണ്ടുപേരും ശ്രമിച്ചു. തലമുറ മാറിക്കഴിഞ്ഞിരിക്കുന്നു! ഞങ്ങളുടെ കോഴിക്കോട് എന്നു പറയാൻ ഇന്ന് വളരെക്കുറച്ചു മാത്രമേ ബാക്കിയുള്ളു! ഒടുവിൽ ഞങ്ങൾ മാനാഞ്ചിറയിലെ കിഡ്സൺ റെസ്റ്റോറന്റിൽ കയറി, ഒരു മൂലയിൽച്ചെന്നിരുന്ന് രണ്ടു കാപ്പിക്ക് ഓർഡർ കൊടുത്തു. ആ മേശയുടെ മുമ്പിൽ, ഞങ്ങളറിയാത്ത ഒരു യുവാവുകൂടി ഇരുന്നിരുന്നു. കാപ്പിയുടെ ബില്ലു വന്നപ്പോൾ ആ ചെറുപ്പക്കാരൻ പെട്ടെന്ന് അതു കടന്നെടുത്തു; ഞങ്ങളുടെ പ്രതിഷേധം വകവെക്കാതെ അതിന്റെ പണം കൗണ്ടറിൽ കൊടുക്കുകയും ചെയ്തു. ഞങ്ങൾ അയാളോട് നന്ദിപറഞ്ഞു പുറത്തേക്കിറങ്ങി. ഈ പുതിയ അതിഥേയൻ ആരാണെന്ന് ഞാൻ എസ്. കെ. യോടു ചോദിച്ചു. 'ആവോ!' എന്ന് എസ്. കെ. കൈമലർത്തി. തുടർന്ന് എസ്. കെ. പറഞ്ഞു: 'നമ്മുടെ ലോകം ഇന്നില്ല. ഇന്നുള്ളത് ഒരു പുതിയ ലോകമാണ്. നാം ഇവിടെ അപരിചിതരാണ്.'

ലോകത്തിന്റെ വിദൂര മേഖലകളിൽ, വ്യത്യസ്ത ജനതകൾക്കിടയിൽ തനിയേ സഞ്ചരിച്ചിരുന്നപ്പോഴും അനുഭവപ്പെടാതിരുന്ന ഏകാന്തത എസ്.കെ. യ്ക്ക് ഈ അടുത്തകാലത്ത് അനുഭവപ്പെട്ടിട്ടുണ്ടായിരിക്കണം.

എസ്. കെ. യുടെ മരണവാർത്ത കേട്ടപ്പോൾമുതൽ എന്റെ മനസ്സിൽ ഒരു കഴപ്പുപോലെ നൊന്തുകൊണ്ടിരിക്കുന്നത് ഈ ഏകാന്തതയാണ്. ഈ മഹാഭാരതപദ്യം എന്റെ ചിന്തയിൽ നിരന്തരം മുഴങ്ങുന്നു.

'സർവേ ക്ഷയാന്താ നിചയാഃ
പതനാന്താഃ സമുച്ഛ്റയാഃ
സംയോഗോ വിപ്രയോഗാന്തോ
മരണാന്തം ച ജീവിതം.'

(എല്ലാ നേട്ടങ്ങളും നഷ്ടങ്ങളിൽ അവസാനിക്കുന്നു; എല്ലാ ഉയർച്ചകളും വീഴ്ചകളിൽ അവസാനിക്കുന്നു; എല്ലാ കൂടിച്ചേരലുകളും വിട്ടുപിരിയലുകളിൽ അവസാനിക്കുന്നു; എല്ലാ ജീവിതങ്ങളും മരണങ്ങളിൽ അവസാനിക്കുന്നു).

9 ആഗസ്റ്റ്, 1982

# 101. കെ. പി. എസ്. മേനോൻ

ജീവിച്ചിരിക്കെത്തന്നെ ഇതിഹാസപുരുഷന്മാരായി മാറുന്ന അപൂർവം ചിലർ ഉണ്ട്; അവരിൽ ഒരാളായിരുന്നു നവംബർ 21-ാം തീയതി എൺപത്തിനാലാം വയസ്സിൽ ഹൃദ്രോഗംമൂലം ഒറ്റപ്പാലത്തുവെച്ച് അന്തരിച്ച കെ. പി. എസ്. (കുമാരപത്മനാഭ ശിവശങ്കര) മേനോൻ. കോട്ടയത്ത് വക്കീലായി പ്രാക്ടീസ് ചെയ്തിരുന്ന ഒറ്റപ്പാലത്തുകാരനായ എൻ. സി. കുമാരമേനോന്റെ പുത്രനായി 1898-ൽ അദ്ദേഹം ജനിച്ചു. ജീവിതം കെ. പി. എസ്. മേനോന് ഒരിക്കലും മുള്ളുകൾ നിറഞ്ഞ ഒരു പാതയായിരു